# സൂറ–30 / അർറൂം

## സൂക്തം: 05–08

ഇന്ദ്രിയഗോചരമല്ല, പരീക്ഷണശാലയിലൂടെ തെളിയിക്കപ്പെട്ടിട്ടുമില്ല എന്നതാണല്ലോ ദൈവത്തെയും പരലോകത്തെയും നിഷേധിക്കാൻ ഉന്നയിക്കപ്പെടുന്ന ന്യായം. ഇതേ ന്യായം ദൈവനിഷേധത്തെയും പരലോക നിഷേധത്തെയും കൂടി അസാധുവാക്കുന്നു എന്നതാണ് വാസ്തവം. ഒരു കാര്യം ഉണ്ടെന്ന് സ്ഥാപിതമാകാൻ അതിന്റെ ഗോചരത്വം അനിവാര്യമാണെങ്കിൽ ഇല്ലെന്ന് സ്ഥാപിതമാകാനും അതു വേണമല്ലോ.



بِنَصْرِ اللَّهِ ۚ يَنصُرُ مَن يَشَاءُ ۖ وَهُوَ الْعَزِيزُ الرَّحِيمُ ﴿٥﴾

5. അല്ലാഹു അനുഗ്രഹിച്ചരുളിയ വിജയത്താൽ; അല്ലാഹു ഉദ്ദേശിക്കുന്നവരെ സഹായിക്കുന്നു. അവൻ അജയ്യനും കരുണാമയനുമല്ലോ.

**5**

بِنَصْرِ اللَّهِ = അല്ലാഹുവിന്റെ (അനുഗ്രഹിച്ചരുളിയ) വിജയത്താൽ; يَنصُرُ = അവൻ സഹായിക്കുന്നു
مَن يَشَاءُ = അവനുദ്ദേശിക്കുന്നവരെ; وَهُوَ = അവൻ; الْعَزِيزُ = അജയ്യൻ(നും); الرَّحِيمُ = കരുണാമയനായ(യനുമല്ലോ)

ദൈവസഹായത്തിനും ദൈവസഹായത്താൽ ലഭിക്കുന്ന വിജയത്തിനും نَصْرُ اللَّهِ എന്നു പറയും. ഇവിടെ രണ്ടർഥവും സാധുവാകുന്നു. بِنَصْرِ اللَّهِ മൂന്നാം സൂക്തത്തിലെ سَيَغْلِبُونَ– താമസിയാതെ റോമക്കാർ ജയിക്കുന്നുണ്ട്– എന്ന വാക്യവുമായി ബന്ധപ്പെട്ടതാകാം. നാലാം വാക്യത്തിലെ يَفْرَحُ الْمُؤْمِنُونَ-മായി ബന്ധപ്പെട്ടതുമാകാം. രണ്ടിനോടും ഒരുമിച്ചു ബന്ധപ്പെട്ടിരിക്കുന്നു എന്നു കരുതുന്നതാണ് കൂടുതൽ ഉചിതം. ഒന്നാമത്തേതനുസരിച്ച് റോമക്കാർ ജയിക്കുന്നത് അല്ലാഹുവിന്റെ സഹായത്താലായിരിക്കും എന്നും രണ്ടാമത്തേതനുസരിച്ച് വിശ്വാസികൾക്ക് സന്തോഷിക്കാനവസരം ലഭിക്കുന്നത് അവന്റെ സഹായത്താലാണെന്നും മൂന്നാമത്തേതനുസരിച്ച് മേൽപറഞ്ഞ രണ്ടു കാര്യങ്ങളും സംഭവിക്കുന്നത് അല്ലാഹുവിന്റെ സഹായത്താലാകുന്നു എന്നുമാകുന്നു താൽപര്യം. അല്ലാഹു അവനുദ്ദേശിക്കുന്നതെന്തും നടത്താൻ ശക്തിയും അധികാരവുമുള്ളവൻ– عَزِيز– ആണ്. അവനെ തടയാനോ ജയിക്കാനോ ആരുമില്ല. എന്തിനും കഴിവുള്ളവനാണെങ്കിലും അവൻ എന്തും ഉദ്ദേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനല്ല. അകാരണമായി രാജ്യങ്ങളെ തമ്മിൽ ഏറ്റുമുട്ടിച്ച് ഭൂമിയിൽ നാശമുണ്ടാക്കി രസിക്കുകയല്ല അവൻ. നിഷ്കൃഷ്ടമായ നീതിയുടെയും അപാരമായ കാരുണ്യത്തിന്റെയും താൽപര്യമായിരിക്കും അവന്റെ ഇഛകളൊക്കെയും. ●

وَعْدَ اللَّهِ ۖ لَا يُخْلِفُ اللَّهُ وَعْدَهُ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿٦﴾

6. അല്ലാഹുവിന്റെ വാഗ്ദാനമാണിത്. അല്ലാഹു ഒരിക്കലും വാഗ്ദാനം ലംഘിക്കുന്നതല്ല. പക്ഷേ അധികജനവും യാഥാർഥ്യം അറിയുന്നില്ല.

**6**

وَعْدَ اللَّهِ = (ഇത്) അല്ലാഹുവിന്റെ വാഗ്ദാനം لَا يُخْلِفُ اللَّهُ = അല്ലാഹു ഒരിക്കലും ലംഘിക്കുന്നതല്ല

وَعْدَهُ = അവന്റെ വാഗ്ദാനം وَلَٰكِنَّ أَكْثَرَ النَّاسِ = പക്ഷെ അധിക ജനവും لَا يَعْلَمُونَ = (യാഥാർഥ്യം) അറിയുന്നില്ല

ക്രിയാ നാമമായ وَعْدَ-നെ കർത്താവായ അല്ലാഹുവിലേക്ക് ചേർത്ത് ( مضاف اليه ) പറഞ്ഞതാണ് وَعْدَ اللَّهِ ഇങ്ങനെ ചേർക്കുമ്പോൾ ചേർക്കുന്നതിന്റെ (مضاف) അന്ത്യാക്ഷരമായ ദാലിന് ( د ) അകാരം (نصب) ആയാൽ ആശയത്തിന് ദൃഢീകരണം ലഭിക്കുന്നു. അതായത് റോമക്കാരെയും സത്യവിശ്വാസികളെയും ഭാവിയിൽ സഹായിക്കുകയും ജയിപ്പിക്കുകയും ചെയ്യുമെന്നത് അല്ലാഹുവിന്റെ സുദൃഢമായ വാഗ്ദാനമാകുന്നു. അതു സംഭവിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അല്ലാഹു ഒരിക്കലും വാഗ്ദാനം ലംഘിക്കുകയില്ല. പക്ഷേ അധികമാളുകളുടെയും നിരീക്ഷണം ബാഹ്യമായ സ്ഥിതിഗതികളിൽ പരിമിതമാണ്. അതിനെ മാത്രം ആശ്രയിച്ചാണവർ കാര്യങ്ങൾ വിലയിരുത്തുന്നത്. സംഭവങ്ങൾക്കു പിന്നിൽ പ്രവർത്തിക്കുന്ന ദൈവേഛയാകുന്ന ആത്യന്തിക നിമിത്തത്തെ അവർ കാണുന്നില്ല. റോമിന്റെ ഇപ്പോഴത്തെ സൈനികവും സാമ്പത്തികവുമായ ശോചനീയാവസ്ഥ കണ്ട് ആ രാജ്യത്തിന് ഇനിയൊരു ഉയിർത്തെഴുന്നേൽപുണ്ടാവുക എന്നതും, നിൽക്കക്കള്ളിയില്ലാതെ മക്കയിൽനിന്ന് ഒളിച്ചോടിക്കൊണ്ടിരിക്കുന്ന മുസ്‌ലിംകൾ ഒരു ദശകത്തിനകം ഖുറൈശികളെ ജയിക്കുക എന്നതും അസംഭവ്യമായ കാര്യങ്ങളാണെന്ന് അവർ വിലയിരുത്തി. ഈ വിലയിരുത്തൽ തെറ്റാണെന്നും അല്ലാഹുവിന്റെ വാഗ്ദാനം സഫലമാവുക തന്നെ ചെയ്യുമെന്നും ഉറപ്പിച്ചുപറയുകയാണിവിടെ. വരുന്ന 47-60 സൂക്തങ്ങളിൽ ഇതു സംബന്ധിച്ച് കൂടുതൽ വിശദീകരിക്കുന്നുണ്ട്. ●

يَعْلَمُونَ ظَاهِرًا مِّنَ الْحَيَاةِ الدُّنْيَا وَهُمْ عَنِ الْآخِرَةِ هُمْ غَافِلُونَ ﴿٧﴾

7. ജനം ഐഹിക ജീവിതത്തിന്റെ ബഹിർമുഖം മാത്രം അറിയുന്നു. പരലോക ജീവിതത്തെക്കുറിച്ച് തികച്ചും അശ്രദ്ധരാണവർ.

**7**

يَعْلَمُونَ= അവർ (ജനം) അറിയുന്നു

ظَاهِرًا مِّنَ الْحَيَاةِ الدُّنْيَا= (ബഹിർമുഖം മാത്രം) ഐഹിക ജീവിതത്തിന്റെ വെളിവായത്

وَهُمْ عَنِ الْآخِرَةِ= അവർ പരലോക(ജീവിത)ത്തെക്കുറിച്ച് هُمْ غَافِلُونَ= തികച്ചും അശ്രദ്ധരാണവർ

'അവർ' സൂചിപ്പിക്കുന്നത് മുൻ സൂക്തം പരാമർശിച്ച, പ്രതിഭാസങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്ന ദൈവേഛയെക്കുറിച്ച് അശ്രദ്ധരായ ഉപരിപ്ലവ ദൃഷ്ടികളെയാണ്. പ്രപഞ്ചസൃഷ്ടിക്കും സംവിധാനത്തിനും പിന്നിൽ ഒരു ആസൂത്രകനെ കാണാനാവാത്തവർ പരലോകത്തെക്കുറിച്ച് അജ്ഞരും അശ്രദ്ധരുമാവുക സ്വാഭാവികമാണ്. പരലോകത്തെ അംഗീകരിക്കാതെ പ്രപഞ്ചമാകുന്ന പ്രവർത്തനശാല നീതിയിലും ജ്ഞാനത്തിലും അധിഷ്ഠിതമാണെന്ന് സങ്കൽപിക്കാനാവില്ല. وَهُمْ عَنِ الْآخِرَةِ هُمْ غَافِلُونَ എന്ന വാക്യത്തിൽ هُمْ (അവർ) എന്ന ആഖ്യയെ ആവർത്തിച്ചിരിക്കുന്നതിന്റെ താൽപര്യം, ഭൗതിക ജീവിതത്തിന്റെ ബാഹ്യ പ്രക്രിയകൾ മാത്രം നിരീക്ഷിക്കുന്നവർ പരലോകത്തെക്കുറിച്ച് അശ്രദ്ധരാകുന്നവർ തന്നെയാണ് എന്ന ആശയം ഖുർആൻ ഊന്നിയുറപ്പിച്ചു പറയുന്നുവെന്നാണ്.

ഐഹിക ജീവിതത്തിൽനിന്ന് ബാഹ്യമായതിനെ അറിയുന്നു - يَعْلَمُونَ ظَاهِرًا مِّنَ الْحَيَاةِ الدُّنْيَا എന്ന പ്രയോഗം ഐഹിക ജീവിതത്തിന് പരോക്ഷമായ വശവും ഉണ്ട് എന്നും അതും അറിയേണ്ടതാണ് എന്നും ധ്വനിപ്പിക്കുന്നു. പ്രത്യക്ഷമായ ജീവിത പ്രക്രിയകളും അതിന്റെ ഉപാധികളും മാധ്യമങ്ങളുമാണ് ബാഹ്യവശം. ജനനം, അന്നപാനീയങ്ങൾ, ഉറക്കം, ഉണർവ്, വസനം തുടങ്ങിയവയാണ് ജീവിത പ്രക്രിയകൾ. ഇത് സുഗമമായി നടക്കാൻ കൃഷി, വ്യവസായം, കച്ചവടം, ഉൽപാദനം, ഉൽപന്നങ്ങളുടെയും ആശയങ്ങളുടെയും വിനിമയം തുടങ്ങിയ ഉപാധികൾ വേണം. ഇതൊക്കെ ജന്മവാസനകളിലൂടെ മനുഷ്യൻ സ്വയം കണ്ടെത്തുകയും നിരന്തരം വികസിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. പദാർഥങ്ങളുടെ പ്രവർത്തന രീതിയും അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളും മനസ്സിലാക്കിക്കൊണ്ട് ഭൗതിക ശാസ്ത്രവും തത്ത്വശാസ്ത്രവും വികസിപ്പിക്കുകയും പുതിയ പുതിയ സുഖഭോഗോപാധികൾ കണ്ടുപിടിക്കുകയും ഭൗതികമായ ജീവിത വ്യവസ്ഥകൾ സംവിധാനിക്കുകയും ചെയ്യുന്നു. ഇതെല്ലാം ജീവിതത്തിന്റെ ബാഹ്യവശത്തെ അഥവാ ഭൗതിക ജീവിതത്തെക്കുറിച്ചു മാത്രമുള്ള അറിവാണ്. ഈ അറിവിൽ ദൈവത്തിനും പരലോകത്തിനും പ്രവാചകത്വത്തിനുമൊന്നും യാതൊരു സ്ഥാനവും നൽകുന്നില്ല. കാരണം, അതൊന്നും ഇന്ദ്രിയഗോചരമല്ല. ഇന്ദ്രിയഗോചരമായതു മാത്രമാണ് യാഥാർഥ്യം. അതിനപ്പുറം ഒന്നുമില്ല. ഉണ്ടെന്നു കരുതുന്നത് വിഡ്ഢിത്തമാണ്. അപ്പോൾ ഈ പ്രപഞ്ചത്തെ ആരുണ്ടാക്കി എന്നു ചോദിച്ചാൽ അവർ പറയും: ആരും ഉണ്ടാക്കിയതല്ല, പദാർഥത്തിന്റെ അന്ധമായ ചലനത്തിനിടയിൽ യാദൃഛികമായി ഉണ്ടായതാണ്. പദാർഥത്തെ ആരുണ്ടാക്കി? പദാർഥം സ്വയംഭൂവാണ്. അതിന് ആദിയില്ല. അന്ത്യം-നാശവുമില്ല. പരിണാമം മാത്രമേയുള്ളൂ. അതങ്ങനെ പരിണമിച്ചുകൊണ്ടിരിക്കുന്നു. പദാർഥ നിയമങ്ങളനുസരിച്ച് മനുഷ്യൻ ജനിക്കുന്നു, ജീവിക്കുന്നു, മരിക്കുന്നു, മണ്ണായി ത്തീരുന്നു. അതിൽകവിഞ്ഞ് ഒന്നുമില്ല. ഈ ജീവിതത്തിൽ കഴിയുന്നത്ര സുഖഭോഗങ്ങളനുഭവിക്കുകയാണ് ജീവിതവി

ജയം. ഇത് സമർഥിക്കാൻ അതിബൃഹത്തായ ആഖ്യാനങ്ങളും നെടുനെടുങ്കൻ ഗ്രന്ഥങ്ങളും ചമയ്ക്കപ്പെട്ടിരിക്കുന്നു.

ഇന്ദ്രിയഗോചരമല്ല, പരീക്ഷണശാലയിലൂടെ തെളിയിക്കപ്പെട്ടിട്ടുമില്ല എന്നതാണല്ലോ ദൈവത്തെയും പരലോകത്തെയും നിഷേധിക്കാൻ ഉന്നയിക്കപ്പെടുന്ന ന്യായം. ഇതേ ന്യായം ദൈവനിഷേധത്തെയും പരലോക നിഷേധത്തെയും കൂടി അസാധുവാക്കുന്നു എന്നതാണ് വാസ്തവം. ഒരു കാര്യം ഉണ്ടെന്ന് സ്ഥാപിതമാകാൻ അതിന്റെ ഗോചരത്വം അനിവാര്യമാണെങ്കിൽ ഇല്ലെന്ന് സ്ഥാപിതമാകാനും അതു വേണമല്ലോ. പ്രപഞ്ചത്തിലെ എണ്ണമറ്റ ക്ഷീരപഥങ്ങളിലൊരു ക്ഷീരപഥത്തിലെ എണ്ണമറ്റ സൗരയൂഥങ്ങളിലൊരു സൗരയൂഥത്തിലെ കൊച്ചു ഗ്രഹങ്ങളിലൊന്നായ ഭൂമിയിലെ മനുഷ്യന് അഖിലാണ്ഡമിരിക്കട്ടെ, ഈ സൗരയൂഥം പോലും സമഗ്രമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലെന്നിരിക്കെ എന്തു കണ്ടിട്ടാണവൻ പ്രപഞ്ചത്തിന് ദൈവമില്ലെന്നു പറയുന്നത്? കവി നാലപ്പാട്ട് പാടിയതത്രെ ശരി; 'അനന്തമജ്ഞാതമവർണനീയം ഈ ലോക ഗോളം തിരിയുന്ന മാർഗം അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു നോക്കുന്ന മർത്യൻ കഥയെന്തു കണ്ടു?'

പദാർഥങ്ങളുടെ അന്ധമായ ചലനത്തിൽനിന്ന് പ്രപഞ്ചം രൂപം കൊള്ളുന്നത് ആരാണ് കണ്ടത്? പദാർഥം സ്വയംഭൂവാകുന്നത് ആരു കണ്ടു? അതുപോലെ മരണാനന്തരം ഭൗതികജീവിതം ഇല്ലെന്നത് ഗോചരമായ സത്യമാണ്. പക്ഷേ മരണാനന്തരം പാരത്രിക ജീവിതമാണ് മതങ്ങൾ സ്ഥാപിക്കുന്നത്. അത് സത്യമോ മിഥ്യയോ എന്ന് ഗോചരമാവുക മരിച്ചുപോയവർക്കാണ്. അതു പറഞ്ഞുതരാൻ മരിച്ചവരാരും തിരിച്ചുവന്നിട്ടുമില്ല. എന്നിരിക്കെ ജീവിച്ചിരിക്കുന്നവർ തങ്ങളുടെ ഭൗതിക ദൃഷ്ടിക്ക് ഗോചരമാകാത്തതിനാൽ മരണാനന്തര ജീവിതം ഇല്ല എന്ന് പറയുന്നതിലെന്തർഥം? പ്രത്യക്ഷ ജീവിതത്തിന്റെ - ظَاهِرًا مِّنَ الْحَيَاةِ ഭൗതിക മാനദണ്ഡം കൊണ്ട് അഭൗതിക ലോകത്തെ അളക്കാൻ ശ്രമിക്കുന്നുവെന്നതാണ് യഥാർഥ കുഴപ്പം. കണ്ണില്ലാത്തവർ സിനിമ കാണാനും ചെവിയില്ലാത്തവർ പാട്ടുകേൾക്കാനും ശ്രമിക്കുന്നതുപോലെയാണത്. കണ്ണില്ലാത്തവർക്ക് കാഴ്ച എന്ന ഒരു കാര്യമേ പ്രപഞ്ചത്തിലില്ല എന്നു വാദിക്കാം. മനുഷ്യന്റെ അഞ്ച് ഇന്ദ്രിയങ്ങൾക്കും വഴങ്ങാത്ത യാഥാർഥ്യങ്ങളാണ് ദൈവവും പരലോകവും. ഈ സത്യം അവഗണിച്ചുകൊണ്ടാണ് ഭൗതികവാദികൾ ദൈവമില്ല, പരലോകമില്ല എന്നൊക്കെ വാദിക്കുന്നത്. അല്ലാതെ യഥാർഥത്തിൽ അറിഞ്ഞുകൊണ്ടല്ല അവരിങ്ങനെ വാദിക്കുന്നത്.

بَلِ ادَّارَكَ عِلْمُهُمْ فِي الْآخِرَةِ ۚ بَلْ هُمْ فِي شَكٍّ مِّنْهَا ۖ بَلْ هُم مِّنْهَا عَمُونَ ﴿٦٦﴾

(അല്ല, അവരുടെ പരലോക വിവരം നിലച്ചുപോയിരിക്കുന്നു. അല്ല, അക്കാര്യത്തിൽ ഗുരുതരമായ സംശയത്തിലാണവർ; എന്നല്ല അവരതേക്കുറിച്ച് അന്ധരാകുന്നു-27:26). ഭൗതികജീവിതത്തിന്റെ സുഖഭോഗങ്ങളെക്കുറിച്ചേ അവർ ചിന്തിക്കുന്നുള്ളൂ. അതാർജിക്കുന്നതിനുള്ള മാർഗങ്ങൾ മാത്രമേ അവരന്വേഷിക്കുന്നുള്ളൂ, അറിയുന്നുള്ളൂ. ذلك مبلغهم من العلم -അതാണവരുടെ ജ്ഞാനത്തിന്റെ ആകത്തുക.

സൂര്യനും ചന്ദ്രനും ഭൂമിയിൽനിന്ന് എത്ര കിലോമീറ്റർ അകലെയാണെന്ന് മനുഷ്യനറിയാം. വായുവിന്റെയും വെള്ളത്തിന്റെയും മണ്ണിന്റെയും ഘടകങ്ങളറിയാം. മനുഷ്യശരീരം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്നറിയാം. പദാർഥങ്ങളെയും അവയുടെ പ്രവർത്തന നിയമങ്ങളെയും തന്റെ ജീവിതം കൂടുതൽ വികസ്വരവും സുഖകരവുമാക്കുന്നതിന് എങ്ങനെ പ്രയോജനപ്പെടുത്താമെന്നറിയാം. എന്നാൽ, പദാർഥങ്ങൾ സൃഷ്ടിച്ചതാരെന്ന് അറിയുന്നില്ല. അവയെ ഇത്ര കണിശമായ നിയമങ്ങളിലും വ്യവസ്ഥകളിലും സംവിധാനിച്ചതെന്തിനെന്ന് ആലോചിക്കുന്നില്ല. ആലോചിക്കുന്നുവെങ്കിൽ അത് പദാർഥ ഘടനയുടെ മാനദണ്ഡങ്ങളിലൂടെ മാത്രമായിരിക്കും. പദാർഥത്തിന്റെ ഘടനയിലും സ്വഭാവത്തിലും അതിന്റെ സ്രഷ്ടാവ് ഗോചരനല്ലല്ലോ. ചുമരിൽ തൂങ്ങുന്ന ക്ലോക്ക് അതിന്റെ പ്രതലത്തിലെ സൂചികൾ മിനിറ്റും മണിക്കൂറും കൃത്യമായി അളന്ന് സമയം കാണിക്കുന്നു. സൂക്ഷ്മമായി പരിശോധിച്ചപ്പോൾ അകത്തുള്ള ചക്രങ്ങളും സ്പ്രിംഗുകളും ബാറ്ററിയിൽനിന്നുള്ള ഊർജത്താൽ വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്നതിന്റെ ഫലമായി പുറത്തുള്ള സൂചികൾ മനുഷ്യർക്ക് മിനിറ്റും മണിക്കൂറും അളക്കാൻ സാധിക്കുന്ന വിധം നിശ്ചിത വേഗത്തിൽ ചലിക്കുകയാണെന്നും മനസ്സിലായി. ഈ ഘടികാരത്തിന്മേൽ അതിന്റെ നിർമാതാവിന്റെ, കമ്പനിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ലെന്നും സങ്കൽപിക്കുക. എങ്കിൽ ആ ഘടികാരത്തിന് നിർമാണവും നിർമാണത്തിന് ലക്ഷ്യവും ഇല്ലെന്നും കേവലം അന്ധമായ പദാർഥ ചലനത്തിനടിയിൽ യാദൃഛികമായി ഉണ്ടായതാണെന്നും കരുതുമോ? ഭൗതിക ലോകത്തിന്റെ പ്രത്യക്ഷ ഘടനയും പ്രവർത്തന രീതിയും മാത്രം മനസ്സിലാക്കുന്ന ഭൗതികവാദികൾ മൊത്തം പ്രപഞ്ചത്തെ കാണുന്നതങ്ങനെയാണ്. വേറെ ചിലർ ഘടികാരത്തിന്റെ ഘടനകളുടെ പാരസ്പര്യവും കൃത്യമായ പ്രവർത്തന ക്രമവും അത്യന്തം ആസൂത്രിതവും സൂക്ഷ്മവുമായ സംവിധാനവും കണ്ട് അതിന്റെ പിന്നിൽ സമർഥനായ ഒരു നിർമാതാവുണ്ടെന്നും സമയം അളക്കുക എന്ന ലക്ഷ്യത്തോടെ തന്നെയാണത് നിർമിച്ചിരിക്കുന്നതെന്നും മനസ്സിലാക്കുന്നു. ഈ അറിവ് ഘടികാരം സമയനിർണയത്തിന് ഉപയോഗിക്കേണ്ടതാണെന്നും നിർമാതാവിന്റെ നിർദേശമനുസരിച്ചാണ് അത് പ്രവർത്തിപ്പിക്കേണ്ടതെന്നുമുള്ള അറിവിലേക്ക് വികസിക്കുന്നു. ഇതാണ് പ്രത്യക്ഷമായതിനപ്പുറമുള്ള പരോക്ഷമായ തന്റെ അറിവ്. ആത്മാവിനെ കണ്ടെത്താനും ശാശ്വതമായ ആത്മീയ ജീവിതം ഭാസുരമാക്കാനും പരോക്ഷമായതിന്റെ ജ്ഞാനം കൂടിയേ തീരൂ. രണ്ടറിവുകളും കൂടിച്ചേർന്നാണ് മനുഷ്യജീവിതത്തെ നയിക്കേണ്ടത്. ●

---

أَوَلَمْ يَتَفَكَّرُوا فِي أَنفُسِهِم ۗ مَّا خَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا إِلَّا بِالْحَقِّ وَأَجَلٍ مُّسَمًّى ۗ وَإِنَّ كَثِيرًا مِّنَ النَّاسِ بِلِقَاءِ رَبِّهِمْ لَكَافِرُونَ ﴿٨﴾

8. അവർ തങ്ങളിൽ തന്നെ ചിന്തിച്ചു നോക്കിയിട്ടില്ലയോ? ആകാശഭൂമികളെയും അവക്കിടയിലുള്ള സകലതിനെയും യാഥാർഥ്യത്തോടെയും നിശ്ചിത അവധിയോടെയും അല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ലല്ലോ. പക്ഷേ പെരുത്തു ജനം അവരുടെ വിധാതാവുമായി സന്ധിക്കുന്നതിനെ നിഷേധിക്കുന്നവർ തന്നെയാകുന്നു.

**8**

أَوَلَمْ يَتَفَكَّرُوا= അവർ ചിന്തിച്ചു നോക്കിയിട്ടില്ലയോ فِي أَنفُسِهِم ۗ= തങ്ങളിൽ തന്നെ

مَّا خَلَقَ اللَّهُ السَّمَاوَاتِ وَالْأَرْضَ= (ല്ലോ) അല്ലാഹു ആകാശഭൂമികളെ സൃഷ്ടിച്ചിട്ടില്ല(ല്ലോ)

وَمَا بَيْنَهُمَا= അവക്കിടയിലുള്ളവയെയും إِلَّا بِالْحَقِّ= യാഥാർഥ്യത്തോടെയല്ലാതെ

وَأَجَلٍ مُّسَمًّى ۗ= നിശ്ചിത അവധിയോടെയും അല്ലാതെ

وَإِنَّ كَثِيرًا مِّنَ النَّاسِ= (പക്ഷേ) മനുഷ്യരിൽനിന്ന് അധികം (പെരുത്തു ജനം)

بِلِقَاءِ رَبِّهِمْ= അവരുടെ വിധാതാവുമായി സന്ധിക്കുന്നതിനെ, കണ്ടുമുട്ടുന്നതിനെ

لَكَافِرُونَ= നിഷേധിക്കുന്നവർ തന്നെയാകുന്നു

മുൻ സൂക്തത്തിൽ പ്രസ്താവിച്ച വിഷയം ഒന്നുകൂടി വിശദീകരിച്ച് ഊന്നിപ്പറയുകയാണ്. ഭൗതിക ജീവിതത്തിന്റെ പരോക്ഷവശത്തി(ആന്തരിക യാഥാർഥ്യങ്ങളി)ലേക്കുള്ള പ്രഥമ കവാടം സ്വന്തം അസ്തിത്വം തന്നെയാണ്. ഓരോ മനുഷ്യനും അവനവനിൽതന്നെ ആഴത്തിലിറങ്ങി ആലോചിച്ചു നോക്കുക. മനുഷ്യന്റെ അവയവപ്പൊരുത്തം. ഓരോ അവയവവും സ്വധർമം പൂർത്തീകരിക്കാൻ ഏറ്റവും പറ്റിയ ഘടനയിലും സ്വഭാവത്തിലും ജീവിതോപാധികളുടെ സംവിധാനത്തിലും സൂക്ഷ്മമായ പാരസ്പര്യവും മുൻഗണനാക്രമവും ദീക്ഷിക്കപ്പെട്ടിരിക്കുന്നു. ജീവന്റെ നിലനിൽപിന് ഏറ്റം ആവശ്യമായ വായു. അതില്ലാതായാൽ നിമിഷങ്ങൾക്കകം മനുഷ്യൻ മരിച്ചുപോകും. വായു എല്ലായിടത്തും നിർലോഭം വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. വായു കഴിഞ്ഞാൽ പിന്നെ അത്യാവശ്യം വെള്ളമാണ്. വെള്ളമില്ലാതെ ഏതാനും ദിവസം ജീവിക്കാം. വായുവോളം സുലഭമല്ല ജലം. അതു ചിലപ്പോൾ നാം തേടി നടന്ന് സംഭരിക്കണം. എങ്കിലും ജലം ആർക്കും സ്വന്തമാക്കി തടഞ്ഞുനിർത്താനാവില്ല. എത്ര ഭദ്രമായ അണകെട്ടിയാലും ഒരു പരിധി കഴിഞ്ഞാൽ തുറന്നു വിടേണ്ടിവരും. ഇല്ലെങ്കിൽ ജലം സ്വയം അതിന്റെ വഴി കണ്ടെത്തും. ജലത്തിനു ശേഷമുള്ള അത്യാവശ്യം ഭക്ഷണമാണ്. ഭക്ഷണമില്ലാതെ ഓന്നോ രണ്ടോ ആഴ്ച ജീവിക്കാൻ കഴിയും. ജലത്തേക്കാൾ ദുർലഭമാണ് ഭക്ഷണം. ജലം സംഭരിക്കാൻ വേണ്ടതിലേറെ അന്വേഷണവും പ്രയത്നവും ആവശ്യമാണ് ഭക്ഷണം ശേഖരിക്കാൻ. ഇങ്ങനെ ആവശ്യത്തിന്റെ തീക്ഷ്ണതയനുസരിച്ചാണ് ഓരോ വിഭവവും സജ്ജീകരിച്ചിരിക്കുന്നത്. മൊത്തം ശരീരത്തിന്റെ സൗഷ്ടവം നോക്കുക. ഇപ്പോഴുള്ളതിനേക്കാൾ സുന്ദരവും പ്രവർത്തനക്ഷമവുമായ ഒരു ശരീര ഘടന മനുഷ്യന് സങ്കൽപിക്കാനാവുന്നുണ്ടോ? ഇതിനു പുറമെയാണ് പുതിയ പുതിയ കാര്യങ്ങൾ അന്വേഷിച്ചറിയാനും ആവിഷ്കരിക്കാനുമുള്ള ബുദ്ധിയും വിവേചനബോധവും ചിന്താശക്തിയും പിന്നെ രാഗദ്വേഷാദി വികാരങ്ങളും അനുഭൂതികളും. തന്നിൽ ഇതെല്ലാം ഒരു സ്രഷ്ടാവ് സോദ്ദേശ്യമായും ആസൂത്രിതമായും സൃഷ്ടിക്കാതെ യാദൃഛികമായി വന്നുചേർന്നതാണോ? മുൻവിധികളില്ലാതെ നിഷ്പക്ഷമായ സത്യാന്വേഷണ വാഞ്ഛയോടെ ഈവിധം ചിന്തിക്കുന്നവർ ജീവിതത്തിന്റെ അദൃശ്യമായ അന്തർമണ്ഡലത്തിലെത്തിച്ചേരും. തന്റെ ഓരോ കോശത്തിനും അതിന്റേതായ ധർമവും ലക്ഷ്യവുമുണ്ടായിരിക്കെ മൊത്തം ജീവിതം അലക്ഷ്യമായും അർഥശൂന്യമായും സൃഷ്ടിക്കപ്പെട്ടതാവുക സാധ്യമല്ല. ഇതേ മനോഭാവത്തോടെ നിരീക്ഷിച്ചാൽ വാനലോകവും ഭൂലോകവും അവക്കിടയിലുള്ളത് ഒന്നുംതന്നെ അലക്ഷ്യമായോ വിനോദമായോ സൃഷ്ടിക്കപ്പെട്ടതല്ലെന്നും കാണാം. ഓരോന്നിനും ഒരു ലക്ഷ്യവും യുക്തിയുമുണ്ട്. ഓരോന്നിന്റെയും നിലനിൽപിനു കാലാവധിയും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. എങ്കിൽ സൃഷ്ടികളിലേറ്റം ശ്രേഷ്ഠപദവിയിലുള്ള മനുഷ്യന്റെ സൃഷ്ടിയിൽ ഏറ്റം ഗുരുതരവും മഹത്തരവുമായ ഉദ്ദേശ്യലക്ഷ്യങ്ങളുണ്ടാവാതെ തരമില്ല. ഈ യാഥാർഥ്യം അംഗീകരിക്കുന്നതിന്റെ അനിവാര്യ താൽപര്യമാണ്, മനുഷ്യൻ ആ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചുവോ എന്ന് പരിശോധിക്കപ്പെടുകയും അതനുസരിച്ച് രക്ഷാശിക്ഷകൾ ലഭിക്കുകയും ചെയ്യുന്ന ഒരവസരമുണ്ടാവുക എന്നതും. അതില്ലെങ്കിൽ മർത്യജീവിതത്തിന് ഉദ്ദേശ്യലക്ഷ്യങ്ങളുണ്ടാകുന്നതും ഇല്ലാതിരിക്കുന്നതും തുല്യമാകും. സകലമാന പ്രാപഞ്ചിക പ്രതിഭാസങ്ങളിലും വിളങ്ങിക്കാണുന്ന ലക്ഷ്യോന്മുഖതക്കും യുക്തിജ്ഞതക്കും തികച്ചും വിരുദ്ധവുമാണത്. 3:191-ൽ ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്:

وَيَتَفَكَّرُونَ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَاطِلًا سُبْحَانَكَ فَقِنَا عَذَابَ النَّارِ

(അവർ ആകാശഭൂമികളിൽ വിളങ്ങുന്ന സൃഷ്ടിവൈഭവത്തെക്കുറിച്ച് ചിന്തിക്കുന്നു. അവരുടെ മനസ്സ് മന്ത്രിച്ചുകൊണ്ടിരിക്കും: നാഥാ ഇതൊക്കെയും നീ വ്യർഥമായി സൃഷ്ടിച്ചിട്ടുള്ളതല്ല തന്നെ. നീ പാഴ് വേലകൾക്കതീതനായ പരമ പരിശുദ്ധനാകുന്നു. ഞങ്ങളെ നരകപീഡനത്തിൽനിന്ന് കാക്കേണമേ). ഈ സൂക്തം പറയുന്ന بَاطِلًا -ന്റെ വിപരീതമാണ് حَقّ. പാഴ്വേലയോ ലീലാവിലാസമോ ആയിട്ടല്ലാതെ, ന്യായമായ ഉദ്ദേശ്യലക്ഷ്യങ്ങളുള്ള യാഥാർഥ്യമായിട്ടുതന്നെയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചിരിക്കുന്നത് എന്നാണ് إِلَّا بِالْحَقِّ എന്ന വാക്കിന്റെ താൽപര്യം. സമുചിതമായ ഘടനയിൽ കൃത്യമായ പ്രവർത്തന വ്യവസ്ഥയോടെ സൃഷ്ടിച്ചു എന്ന ആശയവും ഇതുൾക്കൊള്ളുന്നുണ്ട്. സ്രഷ്ടാവ് വിധിച്ച അവധി വരെ പ്രപഞ്ചം ഈ ഘടനയിലും വ്യവസ്ഥയിലും അഭംഗുരം പ്രവർത്തിച്ചുകൊണ്ടിരിക്കും. അവധി കഴിഞ്ഞാൽ എല്ലാം മാറിമറിയുകയും ചെയ്യും. അതാണ് أَجَلٍ مُّسَمًّى -യുടെ താൽപര്യം.

തങ്ങളുടെയും ചുറ്റുമുള്ള പ്രതിഭാസങ്ങളുടെയും ആന്തരാർഥങ്ങളിലേക്കിറങ്ങിച്ചെന്ന് ചിന്തിക്കുന്നവർക്ക് അനായാസം ഗ്രഹിക്കാവുന്നതാണീ യാഥാർഥ്യം. പക്ഷേ അധികമാളുകളും അങ്ങനെ ചിന്തിക്കാൻ തയാറാകുന്നില്ല. അവർ ഐഹിക ജീവിതത്തിന്റെ ബാഹ്യവശം മാത്രം നിരീക്ഷിച്ച് ഇങ്ങനെ തീർപ്പുകൽപിക്കുന്നു: തിന്നുകുടിച്ച് കുറേകാലം ജീവിച്ച് ഒരുനാൾ മരിച്ചുപോകുന്നവരാണ് ഞങ്ങൾ. പിന്നെ ഒരുയിർത്തെഴുന്നേൽപോ ദൈവസമക്ഷം വിചാരണയോ ഒന്നുമില്ല. ഭൗതികമായ മരണത്തോടെ ജഡവും ജീവനുമെല്ലാം ശൂന്യതയിൽ ലയിച്ചു പോകുന്നു. ഇതാണ് وَإِنَّ كَثِيرًا....... എന്നു തുടങ്ങുന്ന വാക്യത്തിന്റെ താൽപര്യം. ●